# വളം, കീടനാശിനി വ്യാപാരികൾക്ക് ഡിപ്ലോമ കോഴ്സ് നാളെ തുടങ്ങും

Mathrubhumi-28-05-2018-P-06

തൃശ്ശൂർ ▸ രാസവളം, കീടനാശിനി തുടങ്ങിയ കാർഷികധനോപാധി വിപണനമേഖലയിലുള്ളവർക്ക് ലൈസൻസിന് കാർഷിക സർവകലാശാലയിൽ യോഗ്യതാ സർട്ടിഫിക്കറ്റിന് ഒരുവർഷത്തെ ഡിപ്ലോമ കോഴ്സ് ചൊവ്വാഴ്ച തുടങ്ങും. കോഴ്സ് വൈകുന്നതിനാൽ ലൈസൻസ് എടുക്കുന്നതും പുതുക്കുന്നതും നിലയ്ക്കുമെന്നായതോടെ വ്യാപാരം പ്രതിസന്ധിയിലാകുമെന്ന് കച്ചവടക്കാർ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

സുസ്ഥിര, പ്രകൃതിസൗഹൃദ കൃഷിപാഠങ്ങളും കാർഷികോപാധികളുടെ വിപണനവുമായി ബന്ധപ്പെട്ട നിയമവശങ്ങളും ഉൾപ്പെടുത്തിയതാണ് അഗ്രികൾച്ചർ എക്സ്റ്റൻഷൻ ഡിപ്ലോമ ഫോർ ഇൻപുട്ട് ഡീലേഴ്സ് ഡിപ്ലോമ. വ്യാപാരത്തിന് ഡിപ്ലോമ വേണമെന്ന് കേന്ദ്രസർക്കാരാണ് നിബന്ധന കൊണ്ടുവന്നത്. സംസ്ഥാന അഗ്രികൾച്ചറൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിങ്ങിന്റെ നേതൃത്വത്തിൽ കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാനകേന്ദ്രങ്ങൾ വഴിയാണ് ഇത് നടപ്പാക്കുന്നത്.

അടുത്ത ഫെബ്രുവരിക്കുമുമ്പ് സർട്ടിഫിക്കറ്റ് നേടണമെന്നായിരുന്നു കേന്ദ്രനിർദേശം. 40 പേരാണ് ഒരു ബാച്ചിലുള്ളത്. പഠിക്കാനെത്തുന്നവരുടെ തിരക്ക് അനുസരിച്ച് ബാച്ചുകളുടെ എണ്ണം കൂട്ടും. കേരളത്തിൽ 3500 വ്യാപാരികളാണ് രാസവളം-കീടനാശിനി രംഗത്തുള്ളത്.

കോഴ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം ചൊവ്വാഴ്ച 10.30-ന് മണ്ണുത്തിയിലെ കമ്യൂണിക്കേഷൻ സെന്ററിൽ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറാണ് നടത്തുന്നത്.